കേരള സർക്കാർ

സാംസ്കാരിക കാര്യ(സി) വകുപ്പ്

വിജ്ഞാപനം

24-03-2022

സ.ഉ(കൈയെഴുത്ത്) നമ്പർ 4/2022/സാം.കാ.വ തിരുവനന്തപുരം

എസ്സ്.ആർ.ഒ.നമ്പർ......../2022.- 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ (2011- ലെ 6) 8-ാം വകുപ്പ് (1), (4), (5), (6) എന്നീ ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ടും 2017 ഫെബ്രുവരി 7- ാം തീയതിയിലെ സ.ഉ (കൈയെഴുത്ത്) നമ്പർ 1/2017/സാം.കാ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2017 ഫെബ്രുവരി 9-ാം തീയതിയിലെ 241-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ 68/2017-ാം നമ്പറായി ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം അതിലംഘിച്ച് കൊണ്ടും, കേരള സർക്കാർ, 2013 ഡിസംബർ 12-ാം തീയതിയിലെ ജി.ഒ (എം.എസ്) നമ്പർ 50/2013/സാം.കാ.വ ആയി പുറപ്പെടുവിച്ചതും 2013 ഡിസംബർ 21-ാം തീയതിയിലെ 3551-ാം നം. കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ 997/2013-ാം നമ്പരായി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം പ്രകാരം രൂപീകരിച്ച കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് താഴെ പറയുന്ന ഡയറക്ടർമാരെ ഉൾപ്പെടുത്തി , ഇതിനാൽ പുന:സംഘടിപ്പിക്കുന്നു, അതായത് :-

| | | |
|---|---|---|
| 1. | ശ്രീ. മധുപാൽ<br>CRAM -78, ചൈതന്യ റസിഡൻസി,<br>മണ്ണമ്മൂല, പേരൂർക്കട പി.ഒ, തിരുവനന്തപുരം | സിനിമ മേഖലയെ പ്രതിനിധീകരിക്കുന്ന ഡയറക്ടർ |
| 2. | സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ് | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 3. | അഡീഷണൽ സെക്രട്ടറി,<br>നിയമ(നിയമ നിർമ്മാണ (ഡി) വകുപ്പ് | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 4. | ജോയിന്റ് സെക്രട്ടറി, ധനകാര്യ (എഡ്യു) വകുപ്പ് | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 5. | സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി<br>ശാസ്തമംഗലം, തിരുവനന്തപുരം | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 6. | മാനേജിംഗ് ഡയറക്ടർ ,കെ.എസ്.എഫ്.ഡി.സി,.<br>വഴുതക്കാട്, തിരുവനന്തപുരം | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 7. | സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി , ചിറയ്ക്കൽ, കണ്ണൂർ | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 8. | സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ | എക്സ് ഒഫീഷ്യോ ഡയറക്ടർ |

25

9. സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ — എക്സ് ഒഫീഷ്യോ ഡയറക്ടർ

10. സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ — എക്സ് ഒഫീഷ്യോ ഡയറക്ടർ

11. രജിസ്ട്രാർ, കേരള കലാമണ്ഡലം വള്ളത്തോൾ നഗർ, ചെറുതുരുത്തി, തൃശ്ശൂർ — എക്സ് ഒഫീഷ്യോ ഡയറക്ടർ

പ്രസ്തുത ആക്റ്റിലെ 8-ാം വകുപ്പ് 5-ാം ഉപവകുപ്പ് പ്രകാരം ശ്രീ. മധുപാലിനെ ബോർഡിന്റെ ചെയർമാനായി നിയമിക്കുന്നു.

റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി
ഗവർണറുടെ ഉത്തരവിൻ പ്രകാരം

<u>വിശദീകരണക്കുറിപ്പ്</u>

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2017 ഫെബ്രുവരി 7-ാം തീയതിയലെ സ.ഉ(കൈയെഴുത്ത്) നമ്പർ 1/2017 സാം.ക.വ നമ്പരായി പുറപ്പെടുവിച്ചതും 2017 ഫെബ്രുവരി 9-ാം തീയതിയിലെ 241-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ 68/2017-ാം നമ്പരായി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം പുനസംഘടിപ്പിക്കപ്പെട്ട കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധി 2010 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിന്റെ (2011- ലെ 6-ാം ആക്റ്റ്) 9-ാം വകുപ്പ് പ്രകാരം അവസാനിച്ചിട്ടുള്ളതിനാൽ പ്രസ്തുത ബോർഡ് വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള ഡയറക്ടർമാരെ ഉൾപ്പെടുത്തി പുനസംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.